**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

09.02.2016-ൽ
**മറുപടിയ്ക്കുണ്ടായിരുന്നത്**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 541**

**രാമനാട്ടുകര ഫുട് വെയർ പാർക്ക്**

| **ചോദ്യം**<br>**ശ്രീ.എ. പ്രദീപ്കുമാർ** | | **ഉത്തരം**<br>**ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കിൻഫ്രയുടെ കീഴിൽ രാമനാട്ടുകര ഫുട് വെയർ പാർക്ക് നിർമ്മിക്കുന്നതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; | എ) | 26.11.2015-ലെ ജി.ഒ. (ആർ.ടി) നം. 1250/15/വ്യവ ഉത്തരവ് പ്രകാരം രാമനാട്ടുകരയിൽ ഫുട് വെയർ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കേന്ദ്രസഹായത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് KINFRA കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമല്ല എന്ന വിവരം കേന്ദ്ര വാണിജ്യ മന്ത്രാലയം കിൻഫ്രയെ അറിയിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിച്ചത്; | ബി) | ഫണ്ട് വിഹിതം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| സി) | ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; | സി) | 2015-16 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | ഇന്നത്തെ അവസ്ഥയിൽ പാർക്കിന്റെ പ്രവർത്തനം ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകുമോ? | ഡി) | പൂർത്തിയാക്കുവാൻ സാധിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**